# സ്വാസ്ഥ്യം

ജനുവരി 2010

## ഐ.ആർ.എ. ബുള്ളറ്റിൻ

### മുഖക്കുറിപ്പ്

വാക്കിൽ നിറയുന്ന മനസ്സും മനസ്സിൽ നിറയുന്ന വാക്കും തന്നനുഗ്രഹിക്കേണമേ എന്ന പ്രാർത്ഥനയോടെ അക്ഷരദേവതയുടെ മഹാസാമ്രാജ്യത്തിലേക്ക് പ്രവേശിക്കുകയാണ് നമ്മൾ. റെയ്കിയുടെ രാജവീഥിയിലൂടെയാണ് നമ്മുടെ പ്രയാണം. ഈ മാർഗ്ഗം ലളിതവും മധുരവും മഹത്തരവുമാണ്. ആർക്കും അനായാസം പരിശീലിക്കുവാൻ സാധിക്കുന്ന ഈ സാധനാ സമ്പ്രദായത്തിന്റെ അനന്തസാദ്ധ്യതകളിലേക്ക് വെളിച്ചം വീശുകയാണ് നമ്മുടെ ലക്ഷ്യം. റെയ്കി പരിശീലിക്കുന്നവർക്കും പരിശീലിക്കാനാഗ്രഹിക്കുന്നവർക്കും വേണ്ടതെല്ലാം ഇതിലുണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം.

നമ്മുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കുവാൻ അക്ഷരങ്ങൾ അനുഗ്രഹിക്കേണമേ എന്ന പ്രാർത്ഥനയോടെ സ്വാസ്ഥ്യത്തിന്റെ ആദ്യലക്കം റെയ്കി പരമബോധ പരാശക്തിക്കു സമർപ്പിക്കുന്നു.

ശ്രദ്ധയോടെ വായിക്കുക. വിവേകത്തോടെ ചിന്തിക്കുക. സൂക്ഷ്മതയോടെ വിമർശിക്കുക. ഉൾക്കൊണ്ടത് നിഷ്ഠയോടെ പരിശീലിക്കുക. സ്വാസ്ഥ്യം അനുഭവിക്കുക.

## 'രയി' പ്രശ്നോപനിഷത്തിൽ

'റെയ്കി എന്നത് 'രയി' 'കി' എന്നീ രണ്ട് പദങ്ങൾ ചേർന്ന ജപ്പാനീസ് ഭാഷയിലുള്ള ഒരു സമസ്ത പദമാണെന്നാണ് അറിയപ്പെടുന്നത്. 'രയി' എന്നാൽ സാർവ്വലൗകികം. 'കി' എന്നാൽ പ്രാണൻ. സാർവ്വലൗകിക പ്രാണശക്തി എന്നാണ് റെയ്കി എന്ന വാക്കിന്റെ അർത്ഥം.

ഭാരതത്തിൽ ഉണ്ടായ 108 ഉപനിഷത്തുകളിൽ വളരെ പ്രധാനപ്പെട്ടതായി ഗണിക്കപ്പെടുന്ന 10 ഉപനിഷത്തുകളിൽ (ദശോപനിഷത്തുകൾ) ഒന്നായ പ്രശ്നോപനിഷത്തിലും 'രയി'യെ നമുക്ക് കണ്ടെത്താം. സംസ്കൃതത്തിലും ഇതിന്റെ അർത്ഥം സാർവ്വലൗകികം എന്നു തന്നെ. സൃഷ്ടികർമ്മത്തിനുവേണ്ടി തപസ്സിലേർപ്പെട്ട പ്രജാപതി അതിനുശേഷം 'രയി'യേയും പ്രാണനേയും-വസ്തുവിനേയും ചൈതന്യത്തേയും-സൃഷ്ടിച്ചു എന്ന് കബന്ധിയുടെ ചോദ്യത്തിനുത്തരമായി പിപ്പലാദമഹർഷി പറഞ്ഞതായാണ് പ്രശ്നോപനിഷത്തിലെ പ്രഥമപ്രശ്നത്തിലെ നാലാമത്തെ മന്ത്രത്തിൽ പറഞ്ഞിരിക്കുന്നത്.

സുകേശൻ, സത്യകാമൻ, ഗാർഗ്യൻ, കൗസല്യൻ, ഭാർഗവൻ, കബന്ധി എന്നീ ആറ് മുനിമാർ ബ്രഹ്മത്തെ അറിയാനുള്ള താൽപ്പര്യത്തോടെ ചോദിക്കുന്ന ചോദ്യങ്ങളും അവക്ക് പിപ്പലാദമഹർഷി നൽകുന്ന ഉത്തരങ്ങളും ചേർന്നതാണ് പ്രശ്നോപനിഷത്ത്.

### ജനുവരിയിലെ അറിയിപ്പുകൾ

| | | | |
|---|---|---|---|
| ഫസ്റ്റ് ലെവൽ ക്ലാസ് | - 10-01-2010 | - ഞായർ | - അളകാപുരി |
| സെക്കന്റ് ലെവൽ ക്ലാസ് | - 17-01-2010 | - ഞായർ | - അളകാപുരി |
| പെൻഡുലം ക്ലാസ് | - 09-01-2010 | - ശനി | അളകാപുരി |

IIIA ദീക്ഷ ആവശ്യമുള്ളവർ പേർ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ക്ലാസിന്റെ ദിവസം നിശ്ചയിക്കുന്നതാണ്.

### ഫിബ്രവരിയിലെ പ്രതിമാസയോഗം

ഫിബ്രവരിയിലെ പ്രതിമാസ 'മുദ്രറെയ്കി' ഉപാസകസംഗമം 07-02-2010 ഞായറാഴ്ച വൈകുന്നേരം 3.30ന് സ്പോർട്സ് കൗൺസിൽഹാളിൽ (മാനാഞ്ചിറ) ചേരുന്നതാണ്.

### ലളിതാ സാധനാ ശിബിരം

ഇരിങ്ങാലക്കുട 'ശ്രീപുരം' താന്ത്രികഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 24 ഞായറാഴ്ച കോഴിക്കോട് തളി ഗായത്രി കല്യാണമണ്ഡപത്തിൽ കാലത്ത് 9.30 മുതൽ വൈകീട്ട് 6 വരെ ശ്രീലളിതാ സാധനാ ശിബിരം നടക്കുന്നു. താൽപ്പര്യമുള്ളവർക്ക് തളി-ഗണപതി-ബാലസുബ്രഹ്മണ്യക്ഷേത്രത്തിനു വടക്കുവശത്തെ 'ശ്രീബുക്സിൽ' പേർ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9447339945

# 'മുദ്രാറെയ്കി' സ്വാസ്ഥ്യത്തിലേക്കുള്ള പാത

സി.എം കൃഷ്ണനുണ്ണി

നമ്മൾ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും നമ്മുടെ എല്ലാ ആഗ്രഹങ്ങളുടെയും പരിശ്രമങ്ങളുടെയും ആന്തരിക ചോദന സ്വാസ്ഥ്യത്തിനുള്ള മോഹമാണ്. ശാരീരികവും മാനസികവും ബുദ്ധിപരവുമായ സ്വസ്ഥതകൾ ചേരുമ്പോൾ മനുഷ്യൻ പൂർണ്ണ സ്വസ്ഥനാവുന്നു. സ്വസ്ഥനുമാത്രമേ ആരോഗ്യവാനും ആവാൻ കഴിയൂ. സ്വസ്ഥതയും ആരോഗ്യവും ഇരട്ടസഹോദരങ്ങളാണെന്നു പറയാം.

നമ്മുടെ ആവശ്യവും ലക്ഷ്യവും സ്വാസ്ഥ്യമാണെങ്കിലും അത് എങ്ങിനെ എവിടെവെച്ച് നേടാമെന്ന് അറിയുന്നവർ കുറവാണ്. ഭൗതികമായ ആഗ്രഹങ്ങളും ആവശ്യങ്ങളും നിറവേറുമ്പോൾ സ്വസ്ഥത ലഭിക്കുമെന്നാണ് പൊതുവെ പലരും കരുതുന്നത്. പക്ഷേ സ്ഥിതി മറിച്ചാണ് എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ഭൗതികമായ നേട്ടങ്ങൾക്കുപുറകെ പലപ്പോഴും ദുഃഖങ്ങളും വൈഷമ്യങ്ങളും കടന്നുവരുന്നതായാണ് ചുറ്റും നിരീക്ഷിച്ചാൽ കാണുക.

'സ്വ'സ്ഥാനത്തെ 'സ്ഥിതി'യാണ് സ്വസ്ഥത. തന്റേതുമാത്രമായ സ്ഥാനത്ത് ചെന്നെത്താൻ കഴിഞ്ഞാൽ സ്വസ്ഥതയായി. നാം ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ ആയി ദൂരെ പോയി മടങ്ങി വീട്ടിലെത്തുമ്പോൾ സ്വസ്ഥത തോന്നും. വീട്ടിലെസ്വന്തം മുറിയിലെത്തിയാൽ കൂടിയ സ്വസ്ഥതയായി. മറുനാടുകളിൽ ദീർഘകാലം കഴിച്ചുകൂട്ടേണ്ടിവരുന്നവർ അവിടുത്തെ സൗകര്യങ്ങളിൽ നിന്നുപോലും തന്റെ നാട്ടിൻപുറത്തെ വീട്ടിലെത്താൻ വെമ്പുന്നത് നമുക്കറിയാമല്ലോ. പുറമെനിന്ന് അകത്തേക്കാണ് സ്വസ്ഥത അന്വേഷിച്ചുള്ള യാത്ര എന്ന് സൂചിപ്പിക്കുവാനാണ് ഇത്രയും പറഞ്ഞത്.

'ഉപജീവനത്തിന് നാം പുറമെ പോകുന്നു. പക്ഷേ 'ജീവനം' നടക്കുന്നത് അകത്താണ്. 'ഉപജീവനം' 'ജീവന'ത്തിനുവേണ്ടിയാവണം. ഇവിടെയാണ് നമുക്ക് പിഴവ് പറ്റിയിരിക്കുന്നത്. ഉപജീവനത്തിനുള്ള തിടുക്കത്തിനിടയിൽ 'ജീവനം' നാം മറന്നുപോയിരിക്കുന്നു. ഉപജീവനത്തിലൂടെ സ്വാസ്ഥ്യവും സമാധാനവും സന്തോഷവും നേടാമെന്നാണ് നമ്മുടെ തോന്നൽ. ഫലം നിരാശമാത്രം. കാരണം, എത്രയെല്ലാം സമ്പത്ത് നേടിയാലും സ്ഥാനമാനങ്ങൾ കരസ്ഥമാക്കിയാലും ഭൗതികവിഭവങ്ങൾ സമാഹരിച്ചാലും ആന്തരികജീവനം സാധ്യമാവുന്നില്ലെങ്കിൽ അസ്വസ്ഥതയും അസന്തുഷ്ടിയും അതൃപ്തിയുമാവും ഫലം.

മനസ്സ്, ജീവകേന്ദ്രമായ അകക്കാമ്പിലേക്ക് ഒതുങ്ങുമ്പോഴാണ് സ്വസ്ഥത അനുഭവിക്കാനാവുക. മനസ്സിന് ശരീരത്തെക്കുറിച്ച് വേവലാതിപ്പെടാനില്ലാത്ത അവസ്ഥയിൽ ശാരീരിക സ്വസ്ഥതയായി. പുറമെയുള്ള പലതിനെക്കുറിച്ചും പലരെക്കുറിച്ചും മനസ്സിന് ഉത്കണ്ഠയും ആധിയും ഇല്ലാത്ത അവസ്ഥയിൽ മാനസിക സ്വസ്ഥതയായി. പലതും കണക്കുകൂട്ടിയും കണക്ക് പിഴക്കുമോ എന്ന് ഭയന്നും കഴിയേണ്ടി വരാതിരുന്നാൽ ബുദ്ധിപരമായ സ്വസ്ഥതയായി. മനസ്സ് ലൗകികവ്യവഹാരങ്ങളിൽ നിന്നും ശരീരത്തിൽനിന്നുപോലും എവിടെയും ഉടക്കിക്കിടക്കാതെ ഉൾവലിഞ്ഞ്, അതിന്റെ പ്രഭവസ്ഥാനത്ത് ഒതുങ്ങിക്കൂടുന്ന അവസ്ഥയിൽ സ്വാസ്ഥ്യം അനുഭവവേദ്യമാകും. മനസ്സിന്റെ പ്രഭവസ്ഥാനം ജീവകേന്ദ്രമായ ആത്മാവാണ്. അവിടെ മനസ്സ് വിലയിക്കുന്ന അവസ്ഥയിലാണ് യഥാർത്ഥ സ്വാസ്ഥ്യം അനുഭവിക്കുവാനാവുക. അതുമാത്രമാണ് ദുഃഖസ്പർശമേൽക്കാത്ത സ്വാസ്ഥ്യം. ഈ വിലയനം എത്രത്തോളം നിലനിർത്താനാവുമോ അത്രത്തോളം സ്വസ്ഥത നിലനിർത്തുവാനാവും. ഉപജീവനത്തിന്റെ ലക്ഷ്യം ഈ ജീവനാമൃതപാനമത്രെ.

ബാഹ്യതലങ്ങളിൽനിന്ന് ആന്തരിക കേന്ദ്രത്തിലേക്കാണ് സ്വാസ്ഥ്യത്തിനായുള്ള പ്രയാണം നടക്കേണ്ടത്. ഈ പ്രയാണം, സമ്പത്ത്, അധികാരം, ജീവിതപങ്കാളി, മക്കൾ, ബന്ധുക്കൾ, തുടങ്ങിയ ഇടത്താവളങ്ങളിൽ കുരുങ്ങിപ്പോകുന്നതാണ് പ്രശ്നങ്ങളുടെ കാരണം. ഇടത്താവളങ്ങളിൽ കുരുങ്ങിയാൽ സ്വസ്ഥത താൽക്കാലികമാവും. അതാകട്ടെ ദുഃഖവും വിയോഗവും, നിരാശയും വരുത്തിവെക്കുന്നതുമായിരിക്കും. ജീവസ്രോതസ്സിലേക്ക് മനസ്സിനേയും ഇന്ദ്രിയങ്ങളേയും തിരിച്ച് അടുപ്പിക്കുന്നവർക്ക് മാത്രമാണ് യഥാർത്ഥ സ്വസ്ഥത അനുഭവിക്കുവാനാവുക. ഇടത്താവളങ്ങളിലെ ജീവിതം ആസ്വദിച്ചുകൂടെന്നല്ല വിവക്ഷ. അവിടങ്ങളിൽ കഴിയുമ്പോഴും ജീവസ്രോതസ്സുമായുള്ള ധ്യാനബന്ധം പുലർത്തുവാൻ കഴിയണം. അങ്ങിനെയായാൽ കുറെക്കൂടി സ്വച്ഛമായ ജീവിതം സാദ്ധ്യമാക്കാം.

'മുദ്രാറെയ്കി' മുന്നോട്ടുവെക്കുന്നത് ഋഷിപ്രോക്തമായ ഈ ആശയമാണ്. നമ്മൾ സ്വദേഹത്തിൽ കൈത്തലങ്ങൾ ചേർത്ത് റെയ്കി സാധന ചെയ്യുമ്പോൾ സ്വാസ്ഥ്യത്തിന്റെ അക്ഷയഖനി നമുക്കുള്ളിലാണെന്ന തത്വം നമ്മുടെ ഉപബോധതലത്തിലേക്ക് ഊട്ടിഉറപ്പിക്കുകകൂടിയാണ് ചെയ്യുന്നത്. ആ അക്ഷയഖനിയിലെത്തിക്കഴിഞ്ഞാൽ നമ്മുടെ ഭൗതിക-മാനസിക-വൈകാരിക തലങ്ങളെ ഒരു പ്രശ്നങ്ങൾക്കും ഭീഷണിപ്പെടുത്തുവാനാവില്ല. സംതൃപ്തവും സ്വസ്ഥവും ആരോഗ്യകരവുമായ ജീവിതത്തിനുള്ള പ്രായോഗികവും സരളവുമായ ഉപാസനാമാർഗ്ഗമാണ് 'മുദ്രാറെയ്കി'യുടേത്.

# ഭൂമിക്ക് ഹീൽ ചെയ്യുക

**ഭൂ**മിയിലെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലാവുമത്രെ. ശേഷിച്ച പ്രദേശത്ത് വരൾച്ചയും രൂക്ഷമാവും. കാലാവസ്ഥാവ്യതിയാനവും അന്തരീക്ഷ താപവർദ്ധനവും വരുത്തിവെക്കുന്ന ഈ വിപത്തിന് പരിഹാരം തേടുവാൻ ചേർന്ന കോപ്പൻ ഹേഗൻ ഉന്നതതല സമ്മേളനം പരാജയമായിരുന്നു എന്നാണ് റിപ്പോർട്ട്.

വികിരണങ്ങൾ അഥവാ ഊർജ്ജ പ്രസരണങ്ങൾ ആഗിരണം ചെയ്യുവാനും വമിപ്പിക്കുവാനും ശേഷിയുള്ള കാർബൺ ഡൈ ഓക്സൈഡ്, നീരാവി, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ എന്നീ വാതകങ്ങൾ (ഗ്രീൻഹൗസ് ഗ്യാസുകൾ - ഹരിതഗൃഹവാതകങ്ങൾ) അന്തരീക്ഷത്തിൽ കൂടിയ അളവിൽ ഉള്ളതാണ് അന്തരീക്ഷ താപവർദ്ധനവിനും ധ്രുവപ്രദേശങ്ങളിലെയും മറ്റും മഞ്ഞ് പാളികൾ ഉരുകുന്നതിനും കാരണമാവുന്നത്. വ്യാവസായിക വിപ്ലവം ആരംഭിച്ച കാലം മുതൽ തുടങ്ങിയതാണ്. ഈ അന്തരീക്ഷ മലിനീകരണം. ഓരോ വർഷവും 3 ശതമാനംവീതം അന്തരീക്ഷ മലിനീകരണം വർധിച്ചുവരികയാണ് എന്ന് അനുമാനിക്കപ്പെട്ടിരിക്കുന്നു.

മനുഷ്യൻ സൃഷ്ടിച്ച ഈ വിപത്തിന് മനുഷ്യൻതന്നെ പരിഹാരം കാണണം. ഉപഭോഗ സംസ്കാരവും, ഈ ഭൂമിയും ഇതിലെ വിഭവങ്ങളും മനുഷ്യന് ചൂഷണം ചെയ്യുവാനുള്ളതാണെന്ന ചിന്തയും ശക്തമായി നിലനിൽക്കുന്നത് കാര്യങ്ങൾ നേരെയാവാൻ തടസ്സമായിരിക്കുന്നു. പതിവായി ഇന്ത്യക്ക് റെയ്കി ഹീലിങ്ങ് ചെയ്യുന്ന നമ്മൾ ഭൂമിക്കും അന്തരീക്ഷത്തിനും ഹിലിങ്ങ് നൽകുവാൻ നിശ്ചയിക്കുന്നത് നന്ന്. അത് നമ്മുടെ ധാർമ്മികവും ചരിത്രപരവുമായ ബാദ്ധ്യതയാണ്. അതുമൂലം അസാദ്ധ്യമായത് സാധിക്കുക തന്നെ ചെയ്യും.

# സ്നേഹം മതി

**മൂ**ന്ന് വിരുന്നുകാർ ഒരു വീട്ടുവാതിൽക്കലെത്തി. അവരിലൊരാൾ കോളിങ്ങ്ബെല്ലിൽ വിരലമർത്തി.

വാതിൽ തുറന്ന വീട്ടമ്മ വിരുന്നുകാരായെത്തിയവരെ വീട്ടിനകത്തേക്ക് ക്ഷണിച്ചു.

"ഞങ്ങളിലൊരാളേ അകത്തേക്കു വരികയുള്ളൂ."- അവർ പറഞ്ഞു.

"അതെന്താ അങ്ങിനെ? നിങ്ങൾ ആരാണ്?"- വീട്ടമ്മ ചോദിച്ചു.

"ഞാൻ വിജയകുമാർ", "ഞാൻ സമ്പത്ത്കുമാർ", "ഞാൻ സ്നേഹകുമാർ" - വിരുന്നുകാർ ഓരോരുത്തരായി തങ്ങളെ പരിചയപ്പെടുത്തി.

മൂന്നുപേരെയും സ്വീകരിക്കാൻ വീട്ടമ്മ തയ്യാറായിരുന്നുവെങ്കിലും അവർ പറയുന്നത് അവരിലൊരാളേ ക്ഷണം സ്വീകരിച്ച് അകത്തേക്ക് വരികയുള്ളൂ എന്നാണല്ലോ. "ആരെ അകത്തേക്ക് വിളിക്കും?"-വീട്ടമ്മ ചിന്തിച്ചു. ഒടുവിൽ അവർ ഒരു തീരുമാനത്തിലെത്തി.

"സ്നേഹകുമാരനെ ഞാൻ അകത്തേക്ക് ക്ഷണിക്കുന്നു."-വീട്ടമ്മ പുറത്തു നിൽക്കുകയായിരുന്ന വിരുന്നുകാരോടായി പറഞ്ഞു.

സ്നേഹകുമാർ പുഞ്ചിരിച്ചുകൊണ്ട് വീട്ടിനകത്തേക്ക് കടന്നു. പുറകേ വിജയകുമാറും സമ്പത്ത്കുമാറും വീട്ടിലേക്ക് കടന്നുചെന്നു.

"ഇതെന്തു കഥ? നിങ്ങളല്ലേ, ഞങ്ങളിലൊരാളേ അകത്തേക്കു വരൂ എന്നു പറഞ്ഞത്? അതുകൊണ്ടല്ലേ ഞാൻ സ്നേഹകുമാറിനെ മാത്രം ക്ഷണിച്ചത്?" -വീട്ടമ്മ ചോദിച്ചു.

"അതെ അമ്മേ. അമ്മ സ്നേഹകുമാറിനെ ക്ഷണിച്ചതുകൊണ്ടാണ് ഞങ്ങൾ അവനോടൊപ്പം വന്നത്. ഞങ്ങൾ രണ്ടുപേരിൽ ഒരാളെയാണ് അമ്മ ക്ഷണിച്ചിരുന്നതെങ്കിൽ ആ ഒരാൾ മാത്രമേ കടന്നു വരുമായിരുന്നുള്ളൂ." - വിജയകുമാറും സമ്പത്ത്കുമാറും പറഞ്ഞു. "സ്നേഹത്തിന്റെ കൂടെയാവുമ്പോൾ ഞങ്ങൾ വേറെ വേറെയല്ല."

# മകരസംക്രമം

സൂര്യൻ ധനുരാശിയിൽ നിന്നും മകരരാശിയിലേക്ക് പ്രവേശിക്കുന്ന ധന്യമുഹൂർത്തമാണ് മകരസംക്രമം. പകലിന് ദൈർഘ്യമേറുന്ന ഉത്തരായന കാലത്തിന്റെ ആരംഭമാണിത്. ഇനിയങ്ങോട്ട് കർക്കിടകരാശിയിലേക്ക് പ്രവേശിക്കുന്നതുവരെ സൂര്യന്റെ ഗതി വടക്കോട്ടായിരിക്കും. ഉണർവ്വിന്റേയും പ്രകാശത്തിന്റേയും പ്രതീകമായ ഉത്തരായനകാലത്തെ ദേവന്മാരുടെ പകലായാണ് പുരാണങ്ങൾ വിശേഷിപ്പിക്കുന്നത്. ഈ കാലത്തു ചെയ്യുന്ന പ്രവൃത്തികൾക്ക് ഫലസിദ്ധി കൂടുമെന്നാണ് വിശ്വാസം. കർമ്മസാക്ഷിയായ സവിതാവിന്റെ വരേണ്യമായ ഉത്തരായനകാലം സത്കർമ്മങ്ങൾ ചെയ്യുവാൻ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ! കർപ്പൂരാരതിപോലെ അത് ജീവിതത്തിൽ സദ്‌വാസനകൾ നിറക്കട്ടെ! ഈ മകരസംക്രമം ഈശ്വരാനുഗ്രഹത്തിന്റെ കാരുണ്യവർഷത്തിന്റെ തുടക്കമാവട്ടെ!

# ഇന്ത്യൻ റിപ്പബ്ലിക്കിന് ഷഷ്ഠിപൂർത്തിയാവുന്നു.

2010, ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഷഷ്ഠിപൂർത്തി വർഷമാണ്. 1950 ജനുവരി 26നാണ് ഇന്ത്യാ യൂനിയൻ, ഇന്ത്യൻ റിപ്പബ്ലിക്കായത്. അന്ന് ഭാരതഭരണഘടന പ്രാബല്യത്തിൽ വന്നു. പൗരന്മാർക്കെല്ലാം തുല്യാവകാശമുള്ള ദേശീയസമൂഹമാകുവാൻ നാം തീരുമാനിച്ചു. പല പ്രാതികൂല്യങ്ങൾക്കും വെല്ലുവിളികൾക്കുമിടയിൽ ഇന്ത്യൻ റിപ്പബ്ലിക് അറുപതാണ്ടുകൾ പിന്നിട്ടത് വലിയ കാര്യം തന്നെയാണ്. നമുക്കതിൽ അഭിമാനിക്കാം. അഭിമാനകരമായ റിപ്പബ്ലിക് വർഷങ്ങൾക്കായി പ്രാർത്ഥനാപൂർവ്വം യത്നിക്കാം.

# പാഥേയം – 1



**എൽ. ഗിരീഷ്കുമാർ**
ചെയർമാൻ
'ശ്രീപുരം' താന്ത്രികഗവേഷണകേന്ദ്രം
ഇരിങ്ങാലക്കുട

# മന്ത്രമെന്നാൽ എന്ത്?

**ചിത്തം മന്ത്രഃ (ശിവസൂത്രം)**

(പരമമായ സത്യത്തെ പ്രാപിക്കാൻ ജപിക്കുന്ന സാധക മനസ്സു തന്നെയാണ് മന്ത്രം)

അക്ഷരങ്ങളുടെ കൂട്ടമല്ല മന്ത്രം; മറിച്ച്, മന്ത്രജപത്തിൽ ലീനമായിരിക്കുന്ന സാധകമനസ്സു തന്നെയാണ് മന്ത്രം. സർവ്വജ്ഞാനോത്തരതന്ത്രത്തിൽ ഇങ്ങനെ പറയുന്നു.

**ഉച്ചാര്യമാണാ യേ മന്ത്രാഃ**
**ന മന്ത്രാംശ്ചാപി താൻവിദുഃ**
**മോഹിതാഃ ദേവ ഗന്ധർവ്വാഃ**
**മിഥ്യാ ജ്ഞാനേന ഗർവ്വിതാഃ**

(മിഥ്യാജ്ഞാനം നിമിത്തം മോഹിതന്മാരും ഗർവ്വിതന്മാരുമായ ദേവഗന്ധർവ്വന്മാർ പോലും അക്ഷരസമൂഹമാണ് മന്ത്രം എന്ന് കരുതുന്നു. അത് ശരിയല്ല.)

ഇപ്പറഞ്ഞത് ശരിക്കും ഉൾക്കൊണ്ടുകൊണ്ട് ജപിച്ചാൽ മാത്രമേ മന്ത്രസിദ്ധിയുണ്ടാവുകയുള്ളൂ. മന്ത്രം പ്രമാതാവാണ് (Subject), പ്രമേയമല്ല (Object). അത് ഒരിക്കലും മനസ്സിനോ ഇന്ദ്രിയങ്ങൾക്കോ ഗോചരമായ ഒരു വസ്തുവല്ല. അത് അറിയുന്ന ആൾ തന്നെയാണ്. താനും മന്ത്രവും ദേവതയും ഒന്നാണെന്ന് ഗ്രഹിച്ച് ജപിക്കുന്ന സാധകനു മാത്രമേ മന്ത്രസിദ്ധിയുണ്ടാവുകയുള്ളൂ.

## ചിന്താവിഷയം

# കുടുംബമോ കമ്പോളമോ...?

"ലോകമേ തറവാട്
പുൽകളും പുഴുക്കളും
കൂടിത്തൻ കുടുംബക്കാർ"–
ഭാരതീയകവി പാടി.

"വസുധൈവ കുടുംബകം" – ഭാരതീയ ഋഷിമാർ പ്രഖ്യാപിച്ചു. ലോകം ഒരു കുടുംബമാണ്. കുടുംബത്തെ ഭരിക്കുന്നത് സ്നേഹമാണ്. വൈകാരികഐക്യമാണ് കുടുംബത്തിന്റെ അടിസ്ഥാനം. സമാധാനവും സ്വസ്ഥതയുമാണ് കുടുംബത്തിന്റെ വരദാനം. പരസ്പരസഹകരണമാണ് കുടുംബത്തെ പുലർത്തുന്നത്. സംയമവും ഉചിതമായ ഉപഭോഗവുമാണ് കുടുംബത്തിന്റെ നിയമം.

പക്ഷെ, "ലോകം ഒരു കമ്പോളമാണ് എന്ന വൈദേശിയ ആശയത്തിനാണ് ഇപ്പോൾ പ്രസക്തി കൈവന്നിരിക്കുന്നത്. ആഗോളീകരണം ലോകത്തെ ഒരൊറ്റ കമ്പോളമായികാണുന്നു. ചതിയും വഞ്ചനയും മത്സരവുമാണ് കമ്പോളത്തിലെ നിയമം. വിരുദ്ധതാൽപ്പര്യങ്ങളുടെ കേളീരംഗമാണ് കമ്പോളം. ലാഭമാണ് കമ്പോളത്തിന്റെ ചോദന. കമ്പോളത്തിന് ഭൗതികമൂല്യങ്ങളെ കുറിച്ചേ മനസ്സിലാവൂ. പരസ്പരചൂഷണമാണ് അതിന്റെ അംഗീകൃത നയം. നിരങ്കുശമായ ഉപഭോഗത്തെ കമ്പോളം പ്രോത്സാഹിപ്പിക്കുന്നു. കമ്പോളത്തിൽ സഹാനുഭൂതിയും മാനുഷികപരിഗണനകളുമുണ്ടാവുകവയ്യ.

ലോകത്തെ ഒരു കുടുംബമായി കാണണോ, അതോ കമ്പോളമായി കാണണോ? ചിന്തിക്കുക.

**അന്വേഷണങ്ങൾക്ക്**
**ഇന്ത്യൻ റെയ്കി അസോസിയേഷൻ**
**"ശോഭനം"**
**മാങ്കാവ്,**
**കോഴിക്കോട് – 673 007**
**ഫോൺ: 9895611907**

For Private Circulation only